REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 05-03-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണവും നിയമനിർമ്മാണവും പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്ന '2025-ലെ മലയാളഭാഷാ നിയമം' പ്രാബല്യത്തിലായി.**
- **സംസ്ഥാനത്ത് SSLC പരീക്ഷ ഇന്നാരംഭിക്കും.**
- **നിയമസഭാ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഇന്ന് കൊച്ചിയിലെത്തും.**
- **പശ്ചിമേഷ്യയിലെ സാഹചര്യം കണക്കിലെടുത്ത് ടിക്കറ്റ് റദ്ദാക്കുന്നവർക്ക് മുഴുവൻ തുകയും തിരികെ നൽകുമെന്ന് എയർ ഇന്ത്യ.**
- **ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും.**

## വാർത്തകൾ വിശദമായി

**സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണവും നിയമനിർമ്മാണവും പൂർണ്ണമായും മാതൃഭാഷയായ മലയാളത്തിലേക്ക് മാറ്റുന്ന '2025-ലെ മലയാളഭാഷാ നിയമം' പ്രാബല്യത്തിലായി. കഴിഞ്ഞ ഒക്ടോബർ 9-ന് നിയമസഭ പാസ്സാക്കിയ ബില്ലിന് ഗവർണ്ണർ അംഗീകാരം നൽകുകയായിരുന്നു. ഭരണനിർവ്വഹണം ജനങ്ങളിലേക്ക് നേരിട്ടെത്തിക്കുന്നതിൽ ഈ നിയമം സുപ്രധാന പങ്കുവഹിക്കും.**

**ഡെസ്ക്ക് റിപ്പോർട്ട്......**

**....(വോയ്സ്).........**

നിയമസഭയിൽ അവതരിപ്പിക്കുന്ന ബില്ലുകൾ, പാസ്സാക്കുന്ന നിയമങ്ങൾ, ഓർഡിനൻസുകൾ, ഗവൺമെന്റ് ഉത്തരവുകൾ എന്നിവയെല്ലാം ഇനി മലയാളത്തിലായിരിക്കും. ഇവയോടൊപ്പം ഇംഗ്ലീഷ് പരിഭാഷയും പ്രസിദ്ധീകരിക്കും. ഹൈക്കോടതി അനുമതിയോടെ ജില്ലാ കോടതികൾ വരെ നടപടികളും വിധിന്യായങ്ങളും ഘട്ടംഘട്ടമായി മലയാളത്തിലാക്കും. ഗവൺമെന്റിന് കീഴിലെ എല്ലാ അർധ ജുഡീഷ്യൽ സ്ഥാപനങ്ങളുടെയും ഉത്തരവുകൾ മലയാളത്തിലായിരിക്കണം. എല്ലാ ഗവൺമെന്റ്-എയ്ഡഡ് വിദ്യാലയങ്ങളിലും പത്താം ക്ലാസ് വരെ മലയാളം നിർബന്ധിത ഒന്നാംഭാഷയായിരിക്കും. ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും വന്നു പഠിക്കുന്ന വിദ്യാർഥികൾക്ക് 9, 10, ഹയർസെക്കൻഡറി തലങ്ങളിൽ മലയാളം പരീക്ഷ നിർബന്ധമല്ല.

ഗവൺമെന്റ്, അർദ്ധ ഗവൺമെന്റ് സ്ഥാപനങ്ങൾ, വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ എന്നിവയുടെ ബോർഡുകളിൽ മലയാളത്തിന് പ്രാമുഖ്യം നൽകണം. ഉൽപ്പന്നങ്ങളുടെ പേരും ഉപയോഗക്രമവും മലയാളത്തിൽ കൂടി രേഖപ്പെടുത്തുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഗവണ്മെന്റ് വെബ്സൈറ്റുകളുടെ ഡിഫോൾട്ട് പേജ് മലയാളമായിരിക്കും. E-ഭരണ പദ്ധതികളുടെ അടിസ്ഥാന ഭാഷയും മലയാളമാകും.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്ന് കർണാടക സന്ദർശിക്കും. ബെലഗാവി ജില്ലയിലെ ശ്രീ വീരഭദ്രേശ്വര ക്ഷേത്രത്തിലെ രാജഗോപുരം കലശാരോഹണത്തിന്റെയും മഹാ കുംഭാഭിഷേക ചടങ്ങിന്റെയും ഉദ്ഘാടന പരിപാടിയിൽ അദ്ദേഹം മുഖ്യാതിഥിയാകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയും ഫിൻലൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബും ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്താൻ ന്യൂഡൽഹിയിൽ ഇന്ന് ചർച്ച നടത്തും. ബഹുമുഖ വേദികളിലെ സഹകരണം ഉൾപ്പെടെ പരസ്പര താൽപ്പര്യ ആഗോള വിഷയങ്ങളിൽ ഇരുവരും കാഴ്ചപ്പാടുകൾ പരസ്പരം കൈമാറും. ചർച്ചയ്ക്കുശേഷം നിരവധി ധാരണാ പത്രങ്ങളിലും ഒപ്പുവയ്ക്കും. വൈകിട്ട് ഡൽഹിയിൽ 11-ാമത് റെയ്സിന ഡയലോഗിൽ അദ്ദേഹം മുഖ്യതിഥിയായിരിക്കും.

ഫിൻലൻഡ് പ്രസിഡന്റിനോട് ആദരസൂചകമായി നരേന്ദ്രമോദി അദ്ദേഹത്തിന് ഇന്ന് ഉച്ചവിരുന്നും നൽകും.

✪✪✪

**സംസ്ഥാനത്ത്  SSLC പരീക്ഷ ഇന്നാരംഭിക്കും.**

**ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.**

**...............(വോയ്സ്).............**

**സംസ്ഥാനത്തെ 3031 പരീക്ഷാ കേന്ദ്രങ്ങളിലായി നാലു ലക്ഷത്തി പതിനേഴായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി ഏഴു വിദ്യാ ർത്ഥികളാണ് ഇന്ന് എസ്എസ്എൽസി പരീക്ഷ എഴുതുന്നത്. ലക്ഷദ്വീപിലെ ഒൻപതു കേന്ദ്രങ്ങളിലായി 386 വിദ്യാർത്ഥികളും എസ്എസ്എൽസി പരീക്ഷ എഴുതുന്നുണ്ട്.  അതേ സമയം ഗൾഫ് മേഖലയിലെ പരീക്ഷകൾ മാറ്റി വെച്ചു. ഇരുപത്തി ആറായിരത്തോളം അധ്യാപകർ ഇൻവിലിജേറ്റർ ചുമതലയിലുമുണ്ട്.  എസ്എസ്എൽസി പരീക്ഷാ മൂല്യ നിർണയ ക്യാമ്പുകൾ ഏപ്രിൽ ഏഴു മുതൽ 28 വരെയാവും നടക്കുക. മെയ് മൂന്നാം വാരത്തിൽ പരീക്ഷാ ഫലം പ്രഖ്യാപിക്കും. ഒന്നാം വർഷ ഹയർ സെക്കണ്ടറി പരീക്ഷകളും ഇന്നാരംഭിക്കും. രണ്ടാം വർഷ ഹയർ സെക്കണ്ടറി പരീക്ഷകൾക്ക് നാളെയാണ് തുടക്കമാകുന്നത്.**

**✪✪✪**

**സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ പശ്ചിമേഷ്യൻ മേഖലകളിൽ ഇന്നും നാളെയും നടത്താനിരുന്ന CBSE 10,12 ക്ലാസുകളിലെ പരീക്ഷകൾ മാറ്റിവെച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും. മറ്റന്നാൾ മുതൽ നടത്താനിരുന്ന പരീക്ഷകളുടെ കാര്യം നിലവിലെ സാഹചര്യം വിലയിരുത്തിയ ശേഷം ഇന്ന് തീരുമാനിക്കുമെന്നും CBSE അറിയിച്ചു.**

**✪✪✪**

**പത്തു സംസ്ഥാനങ്ങളിലെ 37 രാജ്യസഭാ സീറ്റുകളിലേക്ക് നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെയാണ്. മാർച്ച് ഒൻപത് വരെയാണ് നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ അവസരം. മാർച്ച് 16 നാണ് വോട്ടെടുപ്പ്- അന്നു തന്നെ ഫലങ്ങളും പ്രഖ്യാപിക്കും.**

**✪✪✪**

**നിയമസഭാ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഇന്ന് കൊച്ചിയിലെത്തും. മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവരുമായി അദ്ദേഹം ചർച്ച നടത്തും.**

✪✪✪

ആനക്കാംപൊയിൽ--മേപ്പാടി തുരങ്കപാതയുടെ ഒന്നാംഘട്ട പാറതുരക്കലിന്റെ സ്വിച്ച് ഓൺ കർമ്മം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും. രാവിലെ മറിപ്പുഴ പദ്ധതി പ്രദേശത്താണ് ചടങ്ങ്. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പ്രവേശനം പാസ് മുഖേന നിയന്ത്രിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കായി മുത്തപ്പൻപുഴ LP സ്കൂളിൽ തത്സമയ സംപ്രേഷണം ഉണ്ടാകും.

✪✪✪

സംസ്ഥാനത്തെ പശ്ചാത്തല മേഖല വികസന കുതിപ്പിലാണെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കാസർഗോഡ് കാലിക്കടവിൽ ചൈത്രവാഹിനി പുഴയ്ക്ക് കുറുകെ കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച പാലം ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ 60 ശതമാനം പൊതുമരാമത്ത് റോഡുകളും BM & BC നിലവാരത്തിലേക്ക് ഉയർത്താൻ സാധിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

റോഡ് വികസനത്തിന് മാത്രം 35,000 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് വിനിയോഗിച്ചതെന്നും മുഹമ്മദ് റിയാസ് അറിയിച്ചു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് വിജ്ഞാപനത്തിന് ശേഷം LDF സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കുമെന്ന് കൺവീനർ TP രാമകൃഷ്ണൻ അറിയിച്ചു. മുന്നണിയിലെ സീറ്റ് വിഭജനം പൂർത്തിയായിട്ടില്ലെന്നും, ഇക്കാര്യത്തിൽ തർക്കമില്ലെന്നും, ഘടകകക്ഷികൾ എല്ലാവരും തൃപ്തരാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. സ്ഥാനാർത്ഥികളെ അതത് ഘടക കക്ഷികൾ തന്നെ പ്രഖ്യാപിക്കുമെന്നും, നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നണി സജ്ജമായിക്കഴിഞ്ഞെന്നും TP രാമകൃഷ്ണൻ അറിയിച്ചു.

✪✪✪

പശ്ചിമേഷ്യയിലെ സാഹചര്യം കണക്കിലെടുത്ത് യാത്രക്കാർക്ക് യാത്രാ തിയ്യതി മാറ്റാനോ, ടിക്കറ്റ് റദ്ദാക്കിയാൽ മുഴുവൻ തുകയും തിരികെ നൽകാനോ അവസരം നൽകുമെന്ന് എയർ ഇന്ത്യ അറിയിച്ചു. പശ്ചിമേഷ്യ, UK, യൂറോപ്പ് എന്നിവിടങ്ങളിലേക്ക് ഈ മാസം 10 വരെ യാത്ര ചെയ്യാൻ ഫെബ്രുവരി 28-നോ അതിനുമുമ്പോ ടിക്കറ്റ് ബുക്ക്

ചെയ്തവർക്ക് ആനുകൂല്യം ലഭിക്കുമെന്ന് എയർ ഇന്ത്യ സാമൂഹിക മാധ്യമത്തിൽ വ്യക്തമാക്കി.

സാഹചര്യങ്ങൾ നിരീക്ഷിക്കുന്നത് തുടരുമെന്നും യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധരാണെന്നും എയർ ഇന്ത്യ അറിയിച്ചു.

✪✪✪

ടൊറന്റോ, ഫ്രാങ്ക്ഫർട്ട്, പാരീസ് എന്നിവിടങ്ങളിലേക്ക് കൂടുതൽ സർവ്വീസുകൾ നടത്തുമെന്ന് എയർ ഇന്ത്യ അറിയിച്ചു. ഇന്ന് മുതൽ ഈ മാസം 11 വരെ ഡൽഹിക്കും ടൊറന്റോയ്ക്കും ഇടയിൽ 3 അധിക വിമാനങ്ങളാണ് സർവീസ് നടത്തുക. ഡൽഹിക്കും ഫ്രാങ്ക്ഫർട്ടിനും ഇടയിൽ മൂന്ന് വിമാനങ്ങളും ഈ മാസം 7 മുതൽ 10 വരെ ഡൽഹിക്കും പാരീസിനും ഇടയിൽ ഒരു വിമാനവും സർവീസ് നടത്തുമെന്നും എയർ ഇന്ത്യ അറിയിച്ചു .

UAE യിലെ റാസ് അൽ ഖൈമയിൽ നിന്ന് ഡൽഹി, കൊച്ചി, മുംബൈ എന്നിവിടങ്ങളിലേക്ക് ശനിയാഴ്ച വരെ പ്രത്യേക സർവീസ് ഉണ്ടായിരിക്കും. ഇന്ന് മസ്കറ്റിലേക്കും തിരിച്ചും സർവ്വീസുകൾ തുടരുമെന്നും  മസ്കറ്റ് - ഡൽഹി, മസ്കറ്റ് - മുംബൈ അധിക സർവീസുകളും ഏർപ്പെടുത്തിയിട്ടുണ്ടെന്നും എയർ ഇന്ത്യ വ്യക്തമാക്കി.

✪✪✪

പശ്ചിമേഷ്യൻ മേഖലയിൽ സംഘർഷസാഹചര്യം തുടരുന്ന പശ്ചാത്തലത്തിൽ പ്രവാസികേരളീയർക്ക് സഹായം ഉറപ്പാക്കാൻ നോർക്ക് ഗൾഫ് രാജ്യങ്ങളിൽ  ആറ് ഹെൽപ് ഡെസ്ക്കുകൾ ആരംഭിച്ചു. വിവിധ പ്രവാസി സംഘടനാ പ്രതിനിധികളും, സാമൂഹിക പ്രവർത്തകരും, പ്രമുഖ വ്യക്തികളും ഉൾപ്പെടുന്ന കൂട്ടായ്മയ്ക്കും രൂപംനൽകിയിട്ടുണ്ട്.

✪✪✪

പശ്ചിമേഷ്യൻ - ഗൾഫ് മേഖലകളിലെ സംഘർഷ സാഹചര്യത്തിൽ ന്യൂഡൽഹിയിൽ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. രാവിലെ ഒൻപത് മുതൽ രാത്രി ഒൻപത് വരെ 1800-118-797, 112301 2113 ഉൾപ്പെടെ നമ്പറുകളിൽ ബന്ധപ്പെടാം.

✪✪✪

ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് രണ്ടാം സെമിയിൽ മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ ഇന്ന് ഇന്ത്യ ഇംഗ്ലണ്ടിനെ നേരിടും. ഇന്ത്യൻ സമയം വൈകിട്ട് ഏഴിനാണ് മത്സരം.

കൊൽക്കത്തയിലെ ഈഡൻ ഗാർഡനിൽ ആദ്യസെമിയിൽ ന്യൂസിലാൻഡ്, ദക്ഷിണാഫ്രിക്കയെ ഒൻപത് വിക്കറ്റിന് തോൽപ്പിച്ചു. ദക്ഷിണാഫ്രിക്ക ഉയർത്തിയ 170 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ന്യൂസിലന്റ് 12.5 ഓവറിൽ ഒരു വിക്കറ്റിന് വിജയലക്ഷ്യം നേടി. ഇന്നത്തെ മത്സരത്തിലെ വിജയികൾ ഞായറാഴ്ച അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ഫൈനലിൽ ന്യൂസിലാൻഡുമായി ഏറ്റുമുട്ടും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ, ഗോവയെ നേരിടും. വൈകീട്ട് 5 ന് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

കണ്ണൂർ ആറളം ഫാമിൽ നിന്ന് കാട്ടാനകളെ തുരത്തുന്ന ദൗത്യം ഇന്നും തുടരും. വനംവകുപ്പിന്റെ ഓപ്പറേഷൻ ഗജമുക്തി പദ്ധതിയുടെ ഭാഗമായാണ് ഇന്നലെ നടപടി ആരംഭിച്ചത്.

✪✪✪

പ്രീണന രാഷ്ട്രീയത്തിന്റെ പേരിൽ ജിസിസി രാജ്യങ്ങളിലെ മലയാളികളെ മുഖ്യമന്ത്രിയും പ്രതിപക്ഷവും കൈയൊഴിഞ്ഞുവെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി. ഇറാൻ, ഗൾഫ് രാജ്യങ്ങളിലേക്ക് നടത്തുന്ന ആക്രമണങ്ങൾ കേരളത്തിലെ ലക്ഷക്കണക്കിന് കുടുംബങ്ങളെയാണ് ബാധിക്കുന്നത്. ഇതു അവഗണിച്ചുകൊണ്ടാണ് ഇറാൻ അനുകൂല പ്രതികരണങ്ങൾ കേരളത്തിലുണ്ടാകുന്നതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. വോട്ട്ബാങ്ക് നോക്കിയാണ് ഒരോ വിഷയത്തിലും ഇടതു-വലതു മുന്നണികൾ പിന്തുണ പ്രഖ്യാപിക്കുന്നതെന്നും രാജീവ് ചന്ദ്രശേഖർ ആരോപിച്ചു.

✪✪✪

ആധുനിക സുരക്ഷാ മാർഗങ്ങളിലൂടെ ജനജീവിതം മെച്ചപ്പെടുത്തുന്ന ശ്രമത്തിലാണ് സംസ്ഥാന ഗവൺമെന്റ് എന്ന് മുഖ്യമന്ത്രി പിണറായി

വിജയൻ പറഞ്ഞു. ബേപ്പൂർ, മെഡിക്കൽ കോളേജ് പൊലീസ് സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ ശമ്പള കുടിശ്ശിക അനുവദിക്കുന്ന കാര്യത്തിലും ആശുപത്രികളുടെ നിലവാരം വർദ്ധിപ്പിക്കുന്ന കാര്യത്തിലും സംസ്ഥാന ഗവൺമെന്റ് നൽകിയ ഉറപ്പിനെത്തുടർന്ന്, സമരപരിപാടികൾ താൽക്കാലികമായി നീട്ടിവെച്ചതായി KGMCTA അറിയിച്ചു. മന്ത്രി വീണാ ജോർജിന്റെ നിർദ്ദേശപ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ഭാരവാഹികൾ നടത്തിയ ചർച്ചയെ തുടർന്നാണ് തീരുമാനം.

✪✪✪

പന്ത്രണ്ട് മണിക്കൂറിലധികം വിശ്രമമില്ലാതെ നഴ്സുമാരെ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യിപ്പിക്കുന്നത് ആധുനിക കാലത്തെ അടിമപ്പണിയും തൊഴിൽ നിയമങ്ങളുടെ ലംഘനവുമാണെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു. യുണൈറ്റഡ് നഴ്സസ് അസോസിയേഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം മാനവീയം വീഥിയിൽ നഴ്സുമാരുടെ പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സുപ്രീം കോടതി നിർദ്ദേശിച്ച 40,000 രൂപ അടിസ്ഥാന ശമ്പളം എന്ന ന്യായമായ ആവശ്യം പോലും നടപ്പാക്കാത്ത ഭരണകൂടം, സ്വന്തം അവകാശങ്ങൾക്ക് ശബ്ദമുയർത്തുന്നവരെ അടിച്ചമർത്തുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: ശ്രുതി എം, അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*